# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2484 23/01/2014-ൽ മറുപടിക്ക്

## പോഷകാഹാരക്കുറവ്മൂലമുള്ള മരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എസ്. രാജേന്ദ്രൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് മതിയായ ഭക്ഷണവും ആരോഗ്യ സംരക്ഷണവും ലഭ്യമാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി അറിയുമോ; | (എ) | ഇല്ല. ആരോഗ്യമേഖലയിലെ ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പോഷകാഹാരക്കുറവ്മൂലവും ആവശ്യമായ ചികിത്സ കിട്ടാതെയും അട്ടപ്പാടിയിലും മറ്റ് ആദിവാസി മേഖലകളിലും നിരവധിപേർ മരണമടയുന്നതായ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം മരണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (സി) | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുമ്പോഴും തുടർച്ചയായി മരണങ്ങൾ സംഭവിക്കാനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ ? | (ഡി) | ഈ സാഹചര്യം ക്രമാനുഗതമായ പരിചരണ പ്രവർത്തനങ്ങളിലൂടെ ഇപ്പോൾ നിയന്ത്രണ വിധേയമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

അട്ടപ്പാടിയുടെ ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന്
പട്ടികവർഗ്ഗവികസന വകുപ്പ് സ്വീകരിച്ച നടപടികൾ

1. വിവിധവകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ ഐ.എ.എസ് (റിട്ട) സ്പെഷ്യൽഓഫീസറായി നിയമിച്ചു. അദ്ദേഹം മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്നു
2. പട്ടികവർഗ്ഗവികസന വകുപ്പിന്റെഎസ്.റ്റി പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ്തല സർവ്വെ നടത്തി പോഷക ആഹാരകുറവ്, അനീമിയ തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
3. വിദഗ്ദ്ധ ചികിത്സ ആവശ്യമായവരെ സൗജന്യമായി ആശുപത്രിയിൽ എത്തിച്ചു വരുന്നു.
4. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങളിലും വിശദമായ ആരോഗ്യസർവ്വെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് മുഖേന നടത്തി വരുന്നു.
5. ആരോഗ്യവകുപ്പും സാമൂഹിക നീതിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യസർവ്വെ നടത്തുകയും രോഗാതുരരായവരെ തുടർ ചികിത്സയ്ക്ക് ആശുപത്രിയിൽ എത്തിച്ചു.
6. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 1976 റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി.
7. 2013 ഏപ്രിലിൽതന്നെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, 10 കിലോ അരി, 2 കിലോ പയർ വീതം നൽകി.
8. തുടർന്ന് മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, എന്നീ നാലുമാസങ്ങളിൽ പ്രതിമാസം 10 കിലോ റാഗി , 1 കിലോ ചെറുപയർ 500ഗ്രാം കടല , 500ഗ്രാം തുവരപ്പരിപ്പ് ഇവ വീതവും, 153 ലക്ഷംരൂപ ചെലവിൽവിതരണം ചെയ്തു. സെപ്തംബർമാസം 15 കിലോ അരി, 500 ഗ്രാം പഞ്ചസാര, 500 ഗ്രാം ചെറുപയർ, 500 ഗ്രാം മുളക്, 500 ഗ്രാം ശർക്കര, 500 മില്ലിലിറ്റർ വെളിച്ചെണ്ണ ഇവയടങ്ങുന്ന ഓണക്കിറ്റ് നൽകിയിരുന്നു.
9. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന് സംസ്ഥാന വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.
10. ജീവനോപാധി വർദ്ധനവിന് അനുയോജ്യമായ പദ്ധതികൾ വകുപ്പിലെ എസ്.സി.എ ടു റ്റി.എസ്.പി., ആർട്ടിക്കിൾ 275(1), കോർപ്പസ് ഫണ്ട് എന്നീ ശീർഷകങ്ങളിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.
11. സിക്കിൾസെൽ അനീമിയ ബാധിതരായ 59 പേർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു.
12. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി നടപ്പാക്കാൻ 25 ലക്ഷം രൂപ അനുവദിച്ചു.
13. ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം 9481 കുടുംബങ്ങൾ രജിസ്റ്റർ ചെയ്ത

14. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ അസസ്മെൻറ് സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

15. ഗർഭിണികൾക്കും, നവജാതശിശുക്കൾക്കും പ്രതിമാസം 1000/- രൂപ വീതം ആകെ 18 മാസം ധനസഹായം നൽകുന്ന ജനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്ക്കരിച്ചു. ധനസഹായം മണിയോർഡർ വഴി നൽകി വരുന്നു.

16. ദുർഘടപ്രദേശങ്ങളിൽ പട്ടികവർഗ്ഗകുട്ടികൾക്ക് സ്കൂളിൽ വന്നു പോകുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

17. സർക്കാർ ആശുപത്രികളിലും ഗവൺമെന്റ് / സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ പട്ടികവാർഗ്ഗക്കാർക്ക് സൗജന്യ ചികിത്സാ നൽകുന്നതിനുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാമെഡിക്കൽ ആഫീസർമാർക്കും ഗവൺമെന്റ് / സഹകരണ മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും, തുക അനുവദിച്ചു.

18. പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പു മുഖേന 3.20 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആർട്ടിക്കിൾ 275(1) പ്രകാരം 40 ലക്ഷം രൂപയടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

19. അഗളി,ഷോളയൂർ, പുതൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ +1 സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അട്ടപ്പാടിയിലെ SSLC പാസ്സായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും (90 പേർ) ഉപരിപഠനം ഉറപ്പുവരുത്തി.

20. +2 പാസ്സായ 45 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 25 പേർക്ക് അഗളി ഗവ. കേളേജിലും, ശേഷിച്ചവർക്ക് മണ്ണാർക്കാട് MES കോളേജ്, പാലക്കാട് ഗവ. വിക്ടോറിയ കോളേജ്, മേഴ്സി കോളേജ്, ചിറ്റൂർ ഗവ. കോളേജ്, ഗവ. ഐ.റ്റി.ഐ കുലുക്കൂർ, അട്ടപ്പാടി എന്നിവിടങ്ങളിലും പ്രവേശനം ലഭിച്ചിട്ടുണ്ട്.

21. അട്ടപ്പാടിയിലെ ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാർ 44% ആയതിനാൽ വയനാട് ജില്ലയിലേതു പോലെ സ്കൂൾ, കോളേജ് പ്രവേശനത്തിന് SC/ ST സംവരണ മുള്ള 20% സീറ്റിൽ SC 5%, ST 15% എന്ന രീതിയിൽ അനുവദിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചു.

[illegible]
അസിസ്റ്റന്റ്, ഡയറക്ടർ ആഫീസ്, 3 കൃഷി ഭവനുകൾ, മൃഗാശുപത്രി, ഡി.വൈ.എസ്.പി. ആഫീസ്, 172 അംഗൻവാടികൾ എന്നിവയും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറയിൽ പട്ടികവർഗ്ഗക്കാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും, അഗളിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും, പുതൂർ, ഷോളയൂർ, വട്ടുള്ളക്കി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 28 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, 61 ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക്ഹെൽത്ത് നേഴ്സുമാരും, 62 ആശാവർക്കർമാരും ആരോഗ്യവകുപ്പിന് കീഴിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## <u>അട്ടപ്പാടിയുടെ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട്ചെയ്തതിനെ തുടർന്ന് മറ്റ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ</u>

**സാമൂഹിക നീതി വകുപ്പ്**

1. സാമൂഹിക നീതിവകുപ്പിലെ ഒഴിവുണ്ടായിരുന്ന അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് പ്രോജക്ട്ഓഫീസറുടെയും, 5 സൂപ്പർവൈസർമാരുടെയും ഒഴിവുകൾ നികത്തി.
2. അംഗൻവാടി മുഖേനയുള്ളഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും, 1-6 വയസ്സ് പ്രായമുള്ള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി.
3. ഗ്രാമപഞ്ചായത്ത് മെമ്പറുടെ അദ്ധ്യക്ഷതയിൽ അംഗൻവാടി വെൽഫയർ കമ്മിറ്റികൾ മാസാമാസം കൂടി പട്ടികവർഗ്ഗമേഖലയിലെ പ്രവർത്തനം കുറ്റമറ്റതാക്കാനും, വിലയിരുത്തുവാനും നടപടി എടുത്തു.
4. അംഗൻ വാടികൾ മുഖേന സഫല കിറ്റുകൾ വിതരണം ചെയ്തു.
5. അയൺഫോളിക് ഗുളികകൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അംഗൻവാടികൾ ആഴ്ചതോറും എൻ.ആർ.എച്ച്.എം-ന്റെ ആഭിമുഖ്യത്തിൽ വിതരണം ചെയ്തു വരുന്നു.
6. അംഗൻവാടി വർക്കർമാർ എല്ലാ ദിവസവും വൈകുന്നേരം 3.30 മുതൽ 5.00 മണിവരെ പട്ടികവർഗ്ഗ ഭവനങ്ങൾ സന്ദർശിക്കുന്നു.
7. നിലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്ന ഏജൻസിയെ മാറ്റി വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചു.
8. അംഗൻവാടി വർക്കാർമാർക്ക് നവജാത ശിശു സംരക്ഷണത്തിൽ പരിശീലനം നൽകി.
9. കുട്ടികൾക്കായി 10 ഓളം പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രായത്തിനുസരിച്ച് ഭാരമില്ലാത്ത 299 കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിചരണം ആരംഭിച്ചു.
10. 30 കേന്ദ്രങ്ങളിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചു.

[illegible]

ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു .അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ. പി.എച്ച്.സികൾ എന്നിവിടങ്ങളിൽ അധികമായി ആവശ്യമായ 75 തസ്തികസൃഷ്ടിച്ചു. ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യപ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി നിയമിച്ചു.

2. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ മുടങ്ങികിടന്ന സ്റ്റാഫ്ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പുതൂർ പി.എച്ച്.സിയിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചു.
3. കോട്ടത്തറ സർക്കാർ ആശുപത്രിയിൽ 2013 ഏപ്രിൽ മാസത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും 23597 പട്ടികവർഗ്ഗക്കാരെ പരിശോധിച്ച് വിദഗ്ദ്ധ ചികിത്സ ആവശ്യമായ 849 പേർക്ക് തുടർ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. രണ്ടാം ഘട്ടമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിൽ 7767 പട്ടികവർഗ്ഗക്കാർ പങ്കെടുക്കുകയും വിദഗ്ദ്ധ ചികിത്സ ആവശ്യമായ 140 പേരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ കണ്ടെത്തിയ രോഗികൾക്ക് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സഹായത്തോടെ തുടർ ചികിത്സ ലഭ്യമാക്കി വരുന്നു.
4. ആരോഗ്യവകുപ്പിന് കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിലും ന്യൂട്രീഷൻ റിഹാബിലേറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു.
5. എൻ.ആർ.എച്ച്.എം മുഖേന ആശാവർക്കർമാർക്ക് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു.
6. ഹെൽത്ത് സബ്സെന്ററുകൾ വഴി രോഗികൾക്ക് 24 മണിക്കൂർ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.
7. ഹെൽത്ത് സബ്സെന്റർ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
8. എൻ.ആർ.എച്ച്.എം മുഖേന കോട്ടത്തറ ആശുപത്രിയിൽ 24 പേരെയും സി.എച്ച്.സി അഗളിയിൽ 11 പേരെയും പുതൂർ പി.എച്ച്.സിയിൽ 5 പേരെയും ഷോളയൂർ പി.എച്ച്.സിയിൽ 4 പേരെയും ആനക്കട്ടി പി.എച്ച്.സിയിൽ ഒരാളെയും മൊബൈൽ മെഡിക്കൽ യൂണിറ്റിൽ 6 പേരെയും നിയമിക്കുകയുണ്ടായി.

സ്കാനിംഗ് സംവിധാനം, ഓപ്പറേഷൻ തിയറ്റർ എന്നിവ ആരംഭിച്ചു.

10. എൻ.ആർ.എച്ച്.എം വഴി ഗർഭിണികൾക്കും, നവജാതശിശുക്കൾക്കും ആശുപത്രിയിൽ പോയി വരുന്നതിന് യാത്രാ സൗകര്യം ഏർപ്പെടുത്തി.
11. ആരോഗ്യ പ്രവർത്തകരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും 75 തസ്തികകൾ സർക്കാർ പുതുതായി അനുവദിക്കുകയുണ്ടായി (60 പേരെ നിയമിച്ചു).
12. അട്ടപ്പാടി പട്ടികവർഗ്ഗമേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്ക് പ്രതിമാസം 20,000/- രൂപ വീതവും മറ്റ് അനുബന്ധ ഉദ്യോഗസ്ഥർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20%വും ബത്ത സർക്കാർ അനുവദിച്ചു.

**സിവിൽ സപ്ലൈസ് വകുപ്പ്**

1. അട്ടപ്പാടി ഐ.റ്റി.ഡി.പി. ആഫീസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ, പൊതുവിതരണ വകുപ്പ് വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 16 ക്യാമ്പുകൾ സംഘടിപ്പിക്കുകയും 1976 എ.പി.എൽ റേഷൻ കാർഡുകൾ ബി.പി. എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

**കേരള വാട്ടർ അതോറിറ്റി**

28 ലക്ഷംരൂപ ചെലവിൽ കോട്ടത്തറ ആശുപത്രിയിൽ കുടിവെള്ളശുദ്ധീകരണ സംവിധാനം സ്ഥാപിച്ചു.

**റൂറൽ ഡവലപ്മെന്റ്**

1. ഇൻഫർമേഷൻ, എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ പരിപാടിയുടെ ഭാഗമായി അംഗൻവാടികളിലും, പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യശുചിത്വ ക്യാമ്പുകൾ,പട്ടികവർഗ്ഗ സ്കൂളുകളിലും, ഹോസ്റ്റലുകളിലും, നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.
2. ഐ.എ.വൈ പദ്ധതി പ്രകാരം 2000 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.
3. പി.എം.ജി പദ്ധതിയിൽ ഉൾപ്പെടുത്തി 80.5 കി.മി ആകെ ദൂരം വരുന്ന 17 റോഡുകൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

തൊഴിൽ ലഭ്യമാക്കുകയുണ്ടായി.

5. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമി മുഴുവനും കൃഷിചെയ്യുന്നതിന് ആവശ്യമുള്ള തൊഴിലാളികളെ മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രകാരം ലഭ്യമാക്കി വരുന്നു.

**കൃഷി വകുപ്പ്**

1. പട്ടികവർഗ്ഗജനവിഭാഗങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, പരമ്പരാഗത കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി പട്ടികവർഗ്ഗവികസന വകുപ്പ് 310 ലക്ഷം രൂപ കൃഷിവകുപ്പിന് കൈമാറിയിട്ടുണ്ട്.
2. ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ആവശ്യമായ വിത്തിനങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു.

**കുടുംബശ്രീ മിഷൻ**

1. പട്ടികവർഗ്ഗ മേഖലകളിൽ അയൽകൂട്ടങ്ങൾ പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി 48 ആനിമേറ്റർ മാരെ നിയമിച്ചു .
2. പരമ്പരാഗത വിളവെടുപ്പ് കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.
3. 28 ഹെൽത്ത് ആനിമേറ്റർമാരെയും 12 ഹെൽത്ത് ആനിമേറ്റർ അസിസ്റ്റന്റ്മാരെയും ഹെൽത്ത് സബ് സെന്ററുകളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ സഹായിക്കാനായി നിയമിച്ചുണ്ട്.

**പൊതുമരാമത്ത് വകുപ്പ്**

1. കോട്ടത്തറ സർക്കാർ ആശുപത്രിയോടുനുബന്ധിച്ചുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**എക്സൈസ് വകുപ്പ്**

1. അനധികൃത മദ്യനിർമ്മാണം ഇല്ലാതാക്കുന്നതിനായി പ്രത്യേകം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ റെയിഡ് നടത്തുന്നതിനായി ഒരു പ്രത്യേക ടീമിനെ ചുമതലപ്പെടുത്തി.
2. കോട്ടത്തറ സർക്കാർ ആശുപത്രിയോട് ചേർന്ന് ഒരു ലഹരി വിമുക്തകേന്ദ്രം ആരംഭിച്ചു.

ജില്ലാ പഞ്ചായത്തും, ഭാരതീയ ചികിത്സാ വകുപ്പും

11- 19 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളുടെ ഇടയിൽ പ്രകടമായിട്ടുള്ള അനീമിയ രോഗത്തിന്റെ ചികിത്സയ്ക്കായി സുകന്യ എന്ന പേരിൽ ഒരു പ്രത്യേക പരിപാടി ആരംഭിച്ചു.

വനംവകുപ്പ്–

1. 95 പട്ടികവർഗ്ഗ യുവാക്കളെ വനപാലകരായി നിയമിച്ചു കഴിഞ്ഞു.
2. വന്യമൃഗങ്ങളുടെ ഉപദ്രവം മൂലം വിള നശിച്ചുപോയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി.